**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 5044**

**24.07.2015-ലെ മറുപടിയ്ക്ക്**

## ഹൗസ് ബോട്ടുകൾക്ക് വാടക നിരക്ക നിശ്ചയിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജി.സുധാകരൻ** | **ശ്രീ.എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) ആലപ്പുഴയിൽ ഹൗസ് ബോട്ടുകളിലെ മഴക്കാലത്തെ വിനോദയാത്ര സുരക്ഷിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ഉൾനാടൻ ജലാശയങ്ങളിൽ പ്രവർത്തിച്ച വരുന്ന ഹൗസ്ബോട്ടുകളുടെ നിലവാരം ഉയർത്തുന്നതിനായി വിനോദസഞ്ചാര വകുപ്പ് ഹൗസ്ബോട്ട് ക്ലാസിഫിക്കേഷൻ പദ്ധതി നടപ്പാക്കി വരുന്നു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകളെ നിയന്ത്രിക്കുക എന്ന ഉദ്ദേശത്തോടെ നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് തുറമുഖവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജലയാനങ്ങളിൽ സഞ്ചരിക്കുന്നവർക്ക് ലൈഫ് ജാക്കറ്റ് ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഉറപ്പ വരുത്തണമെന്ന് വിനോദസഞ്ചാര വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) രജിസ്ട്രേഷൻ ഇല്ലാതെ സർവീസ് നടത്തുന്ന ഹൗസ് ബോട്ടുകൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) രജിസ്ട്രേഷൻ ഇല്ലാതെ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകൾ കണ്ടെത്തുന്നതിനായി പരിശോധനകൾ നടത്തുന്നുണ്ട്. ഉൾനാടൻ ജലയാന നിയമം അനുശാസിക്കുന്ന നടപടികൾ രജിസ്ട്രേഷൻ ഇല്ലാതെ സർവ്വീസ് നടത്തുന്ന ബോട്ടുകൾക്കെതിരെ സ്വീകരിച്ചു വരുന്നു . |
| (സി) വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളിൽ നിന്നും ഹൗസ് ബോട്ടുകൾ അന്യായമായ തുക ഈടാക്കുന്നതായ പരാതി | (സി) വിദേശ ആഭ്യന്തര ടൂറിസ്റ്റുകളിൽ നിന്നും ഹൗസ് ബോട്ടുകൾ അന്യായമായ തുക ഈടാക്കുന്നു എന്ന പരാതി ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഹൗസ് ബോട്ടുകൾക്ക് വാടക നിരക്ക നിശ്ചയിച്ച നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വാടക നിശ്ചയിച്ച നൽകാൻ നടപടി സ്വീകരിക്കുമോ ? | ഹൗസ് ബോട്ടുടമകളുടെ സംഘടനകളുമായും ബന്ധപ്പെട്ട ഇതര വകുപ്പുകളുമായും കൂടിയാലോചിച്ച മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ